പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, പരീക്ഷാ പേപ്പർ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് ഓഫീസുകളിൽ വച്ചു മറന്നുപോയി എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഈ ലീഗ് ഓഫീസിൽ ഇത് എങ്ങനെ വന്നു? അവിടെ നിന്ന് പിന്നീട് കൊണ്ടുകൊടുത്തു എന്നു പറയുന്നത് അങ്ങ് അന്വേഷിച്ചോ ? എന്തായിരുന്നു വസ്തുത? പേപ്പർ എവിടെയായിരുന്നു ?

ശ്രീ. നാലകത്തു സൂപ്പി : സർ, ഞാൻ അന്വേഷിച്ചു. ലീഗ് ഓഫീസിൽ വച്ചിട്ടില്ല. ഞാനാണ് പറയുന്നത് വച്ചിട്ടില്ല. ഉത്തരവാദിത്വത്തോടുകൂടിയാണ് പറയുന്നത്. കോ-ഓർഡിനേറ്റർമാർ, ഏൽപ്പിച്ച ആളുകൾ വേറൊരു സ്ഥലത്താണ് വച്ചത്. അതേ സംഭവിച്ചുള്ളൂ. കുറ്റപ്പെടുത്തുകയല്ല. സത്യം സത്യമായി പുറത്തു കൊണ്ടു വരേണ്ടതാണ്. കണ്ണൂർ ജില്ലയിലെ ഒരു കോ-ഓർഡിനേറ്റർ മാനസിക പ്രയാസം കാരണം ആത്മഹത്യ ചെയ്തു. കാരണം ആവശ്യമില്ലാതെ ചില പത്രങ്ങൾ ഇയാളെ വിളിച്ച് ഭീഷണിപ്പെടുത്തി. ക്വസ്റ്റ്യൻ പേപ്പർ എത്തി, പത്തിരുന്നൂറ് ക്വസ്റ്റ്യൻ പേപ്പർ കുറവായിരുന്നു. ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞതുപോലെ കുറവുള്ള സന്ദർഭങ്ങളിൽ ഫോട്ടോസ്റ്റാറ്റ് എടുത്തു കൊടുക്കുകയാണ് ചെയ്യുന്നത്. സനൽ എന്നു പറയുന്ന ചെറുപ്പക്കാരനായ കോ-ഓർഡിനേറ്റർ വളരെ സിൻസിയറായിട്ട് വർക്ക് ചെയ്തതാണ്. മീഡിയക്കാരുടെ പീഡനം കാരണം മാനസികമായി പ്രയാസം തോന്നിയ അദ്ദേഹം, ആത്മഹത്യ ചെയ്തു. ഇത് അന്വേഷണം നടത്തേണ്ട കാര്യമാണ്. ഒരു സംഭവം വരുമ്പോൾ അത് എന്താണെന്ന് അന്വേഷിക്കാതെ ഉദ്യോഗസ്ഥൻമാരേയും അതുപോലെ തന്നെ വല്ല ആളുകളേയും ഇത്രയുമധികം പീഡിപ്പിക്കുന്ന അവസ്ഥ നല്ലതല്ല എന്നാണ് സാമാന്യ രീതിയിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏതായാലും ഒരു കാര്യത്തിൽ തർക്കമില്ല. 100% പരീക്ഷാ നടത്തിപ്പിന്റെ കാര്യത്തിൽ തെറ്റു ചെയ്തിട്ടുള്ള ആളുകൾക്കെതിരെ കുറ്റമറ്റതായി നടപടി എടുക്കും എന്നാണ് ബഹുമാനപ്പെട്ട മെംപർമാരോട് എനിക്ക് പറയാനുള്ളത്.

(3) തലശ്ശേരിയിലെ തലായിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം ത്വരിതപ്പെടുത്തൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. തലശ്ശേരിയിലെ തലായിയിൽ ഫിഷിങ്ങ് ഹാർബർ നിർമ്മിക്കണമെന്നത് 1967 മുതലുള്ള നിർദ്ദേശമാണ്. എല്ലാ ബഡ്ജറ്റിലും ഇതിന് പ്രഖ്യാപനങ്ങൾ ഉണ്ടാകാറുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണ കാലത്ത് സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുകയും പ്രാഥമിക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇരുപത് കോടിയോളം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് അടിയന്തിരമായി കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, തലായി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 1370 ലക്ഷം രൂപയുടെ പ്രോജക്ട് എസ്റ്റിമേറ്റിന് കേന്ദ്രാനുമതി പ്രതീക്ഷിച്ചുകൊണ്ട് സംസ്ഥാന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഭരണാനുമതി നല്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അനുമതിയെത്തുടർന്ന് വെയ് ബ്രിഡ്ജ് ഫൗണ്ടേഷന്റേയും റ്റയൽ മുറിയുടെ നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. പ്രോഡക്ട് റിപ്പോർട്ട് സമർപ്പിക്കാനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്) എന്ന സ്ഥാപനംവഴി മാതൃകാ പഠനം നടത്തി 1970 ലക്ഷം രൂപയുടെ പുതുക്കിയ പ്രോജക്ട് 8-10-2002-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിച്ചാൽ ഉടൻതന്നെ ഈ മത്സ്യബന്ധന തുറമുഖ നിർമ്മാണം ആരംഭിക്കും.

(4) കോന്നിയിലെ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : സർ, മലയോര പ്രദേശമായ എന്റെ നിയോജകമണ്ഡലം അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ്. ഈ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള കുടിവെള്ള പദ്ധതികളായ പ്രമാടം പഞ്ചായത്തിൽ പ്രമാടം ശുദ്ധജലപദ്ധതി, അരുവാപുറം പഞ്ചായത്തിലെ മാലപ്പാറ ശുദ്ധജല പദ്ധതി, കലഞ്ഞൂർ പഞ്ചായത്തിലെ കലഞ്ഞൂർ ഏനാദിമംഗലം പദ്ധതി ഇവ വിപുലീകരിക്കുന്നതിനുവേണ്ടി പി.എം.ജി.വൈ. പദ്ധതിപ്രകാരം നടപടി സ്വീകരിക്കുകയുണ്ടായി. അതുപോലെതന്നെ 9 ചെറുകിട പദ്ധതികൾക്കുകൂടി അംഗീകാരം ലഭിച്ചു. അംഗീകാരം ലഭിച്ചതിനുശേഷം ഇവ നടപ്പാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ 16-10-2002-ൽ ഉന്നതതല ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ആ യോഗത്തിൽ വച്ച് ഒരു തീരുമാനം എടുത്തു. ഈ പദ്ധതികൾക്കെല്ലാംതന്നെ ടെക്നിക്കൽ സാങ്ഷൻ 30-11-2002-നു മുമ്പ് കൊടുക്കാമെന്ന് ഏറ്റിരുന്നതാണ്. പക്ഷേ നാളിതുവരെ അതിന് ടെക്നിക്കൽ സാങ്ഷൻ നല്കിയിട്ടില്ല. ഈ പദ്ധതികൾ നടപ്പാക്കി ആവശ്യമായ ടെക്നിക്കൽ സാങ്ഷൻ നല്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കണം, എന്നുമാത്രമല്ല, ഈ മേഖലയിൽ പദ്ധതികൾ നടപ്പാക്കാൻവേണ്ടിയുള്ള നടപടികൾ വിലയിരുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ചിരുത്തി ഒരു ചർച്ച നടത്തുകയും ഞങ്ങളുടെ മേഖലയിലെ പാവപ്പെട്ടവർക്ക് ഒരിറ്റുവെള്ളം കുടിച്ച് മരിക്കാനുള്ള അവസരമെങ്കിലും നൽകുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം.ജേക്കബ്): സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണപദ്ധതികളെക്കുറിച്ചാണ് പറഞ്ഞത്. ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനുവേണ്ടി ഞാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയിരുന്നു. ശ്രീ. അടൂർ പ്രകാശിന്റെ നിയോജകമണ്ഡലത്തിൽ 9 കുടിവെള്ള പദ്ധതികൾക്ക് 29-6-2002-ന് കൂടിയ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. അതുപോലെതന്നെ പ്രമാടം ശുദ്ധജല വിതരണ പദ്ധതി, കൂടൽ ഏനാദിമംഗലം ശുദ്ധജല വിതരണ പദ്ധതി, മാലപ്പാറ

LIBRARY ARCHIVES Kerala Legislative Assembly